# രക്ഷയുടെ പാതയിൽ




## ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി


# ഉള്ളടക്കം


1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 4



# ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ



1. എന്താണ് വ്യക്തിത്വം
2. വ്യക്തിത്വത്തിന്റെ തലങ്ങൾ
3. ക്രിസ്തീയ വ്യക്തിത്വം
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രൈസ്തവൻ മറ്റൊരു ക്രിസ്തു

# ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ



## എന്താണ് വ്യക്തിത്വം

- “ഒരു വ്യക്തിയുടെ പെരുമാറ്റത്തെയും ചിന്തയേയും നിർണയിക്കുന്ന ശാരീരികവും മാനസികവുമായ ഘടകങ്ങളുടെ നിയതവും ചലനാത്മകവുമായ ക്രമവത്ക്കരണമാണ് വ്യക്തിത്വം”

## വ്യക്തിത്വത്തിന്റെ തലങ്ങൾ

- വ്യക്തിത്വത്തിന് പ്രധാനമായും മൂന്നു തലങ്ങളുണ്ട്. ശാരീരികവും സിദ്ധിപരവും ആത്മീയവുമായ തലങ്ങളാണവ. വ്യക്തിത്വത്തിന്റെ ശാരീരിക തലമാണ് ഒന്നാമത്തേത്.
- രണ്ടാമത്തേത് വ്യക്തിത്വത്തിന്റെ സിദ്ധിപരമായ തലമാണ്. ഒരു വ്യക്തിയുടെ ബുദ്ധിപരവും കലാവരവും കായികവുമായ കഴിവുകൾ അഥവാ സിദ്ധികൾ ഇതിൽപ്പെടുന്നു.

- മൂന്നാമത്തെ തലം മൂല്യങ്ങളുടേതാണ്. ഇതാണ് വ്യക്തിത്വത്തിന്റെ ആത്മീയതലം സ്നേഹം, നീതി, അനുകമ്പ, ഉത്തരവാദിത്വബോധം, ആത്മാർത്ഥത, സത്യസന്ധത തുടങ്ങിയ സ്വാഭാവിക മൂല്യങ്ങൾ വ്യക്തിയുടെയും സമൂഹത്തിന്റെയും സുസ്ഥിതിക്ക് ആവശ്യമാണ്.
- ഉന്നതമായ ലക്ഷ്യങ്ങൾ സ്വന്തമാക്കുകയും അവ പ്രാപിക്കാനുള്ള ആഗ്രഹത്തോടെ കഠിനാദ്ധ്വാനം ചെയ്യുകയെന്നതുമാണ് വ്യക്തിത്വവികാസം നേടാനുള്ള ഏറ്റവും നല്ല മാർഗ്ഗം.

# ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ

## ക്രിസ്തീയ വ്യക്തിത്വം

- ക്രിസ്തീയ വ്യക്തിത്വം പ്രധാനമായും ആത്മീയ തലത്തിലുള്ളതാണ്. ക്രിസ്തീയ വ്യക്തിത്വത്തിൽ ഒരാൾ വളരുകയെന്നുപറഞ്ഞാൽ ക്രിസ്തുവിന്റെ ജീവിത ദർശനവും മനോഭാവവും ജീവിതശൈലിയും സ്വന്തമായി വളരുക എന്നാണ് അർത്ഥം.
- ക്രിസ്തീയ വ്യക്തിത്വം ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു വ്യക്തിത്വമാണ്. ക്രിസ്തുവിന്റെ വചനങ്ങളും അവിടുത്തെ മനോഭാവങ്ങളും സ്വന്തമാക്കി ജീവിക്കുന്നതുവഴിയാണ് ക്രിസ്തീയ വ്യക്തിത്വം ഒരുവനിൽ രൂപം പ്രാപിക്കുന്നത്.

## ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ’

ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ

- ക്രിസ്തീയ വ്യക്തിത്വം വളർത്തിയെടുക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. നിരന്തരമായ പരിശീലനത്തിലൂടെ മാത്രമേ ഈ ലക്ഷ്യം നേടാൻ നമുക്ക് സാധിക്കുകയുള്ളൂ. അതിന് നാം ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1. ക്രിസ്തീയ ആത്മാവബോധം സ്വന്തമാക്കുക

- ഈശോയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ലഭിക്കുന്ന ആത്മാവബോധമാണ് ക്രിസ്തീയ ആത്മാവബോധം. ഒരു ക്രിസ്ത്യനിയെ സംബന്ധിച്ച് ഈ ആത്മാവബോധം അവൻ നേടുന്നത് പ്രധാനമായും ദൈവവചനത്തിലൂടെയും സഭാപ്രബോധനങ്ങളിലൂടെയുമാണ്.

## ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ

2. ഈശോയുടെ മാതൃക അനുകരിക്കുക

❖ പാപമൊഴികെ എല്ലാറ്റിലും നമ്മെപ്പോലെയായിത്തീർന്ന ഈശോയെയാണ് വ്യക്തിത്വ വളർച്ചയിൽ നാം മാതൃക യായി സ്വീകരിക്കേണ്ടത്.

3. വിശുദ്ധരുടെ പാത പിന്തുടരുക

❖ ഈശോയുടെ സ്സ്നേഹനിർഭരമായ കൽപനയും അവിടുത്തെ ജീവിതവും സ്വന്തമാക്കി ജീവിച്ചവരാണ് അവരെല്ലാം. ക്രിസ്തീയ വ്യക്തിത്വ രൂപീകരണം പ്രായോഗികമാണെന്നു നമ്മെ ബോധ്യപ്പെടുത്താനും അവർക്ക് കഴിഞ്ഞു.

## ക്രൈസ്തവൻ മറ്റൊരു ക്രിസ്തു

ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ

- യഥാർത്ഥ ക്രൈസ്തവൻ ശരിയായ അർത്ഥത്തിൽ മറ്റൊരു ക്രിസ്തുവാണ്.